സമാശ്വാസ പദ്ധതി

15 (*285) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. ടി.എ. റഹീം :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമാശ്വാസം പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരായവർക്ക് ധനസഹായം നൽകുന്നതിന് ഈ വർഷം എന്ത് തുക നീക്കിവച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹരായ എല്ലാവർക്കും ധനസഹായം വിതരണം ചെയ്യുന്നതിന് നീക്കിവെച്ച തുക പര്യാപ്തമാണോ എന്നറിയിക്കാമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) നടത്താറുണ്ട്. സമാശ്വാസം പദ്ധതി പ്രകാരം ലഭിക്കുന്ന അപേക്ഷകൾ യഥാസമയം പരിശോധിച്ച് ധനസഹായം ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി എത്തിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നുണ്ട്.

(ബി & സി) സമാശ്വാസം പദ്ധതിക്ക് മാത്രമായി പ്രത്യേക തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. കേരള സാമൂഹ്യ സുരക്ഷാ മിഷൻ പ്രവർത്തനങ്ങൾക്കും മിഷൻ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾക്കുമായി 2235-60-200-72 (NP) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 3.15 കോടി രൂപയിൽ നിന്നാണ് സമാശ്വാസം പദ്ധതിയുടെ തുക കണ്ടെത്തുന്നത്. ഇപ്രകാരമുള്ള തുക അർഹരായ എല്ലാവർക്കും ധനസഹായം വിതരണം ചെയ്യുന്നതിന് മതിയാവില്ല.

കർഷക ആത്മഹത്യ

16 (*286) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കർഷക ആത്മഹത്യ നടന്നതായി അറിയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാർഷികോല്പന്ന വിലയിടിവ് എന്ന പ്രതിസന്ധി കർഷകർ ഇപ്പോഴും നേരിടുന്നുണ്ടോയെന്ന കാര്യം വ്യക്തമാക്കാമോ ;

(സി) ഈ പ്രതിസന്ധി തരണം ചെയ്യാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; സ്വീകരിച്ച നടപടികളുടെ ഫലമായി പ്രതിസന്ധിക്ക് എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 58 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) റബ്ബർ ഒഴികെ മറ്റൊരു കാർഷികോല്പന്നങ്ങൾക്കും വിലയിടിവ് എന്ന പ്രതിസന്ധി കർഷകർ നേരിടുന്നില്ല.

(സി) ഉണ്ട്.

ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് കരം ഇളവ്

17 (*287) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് കരം ഇളവ് അനുവദിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇളവ് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത ഇളവ് അനുവദിക്കുന്നത് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിന് എത്രത്തോളം സഹായകരമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത് ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ & ബി) ഉണ്ട്. സർക്കാരിന്റെ 8-10-2012-ലെ 256/2012 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വീടുകളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണം

LIBRARY ARCHIVES Kerala Legislative Assembly